**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 4891

18.12.2014-ൽ
മറുപടിയ്ക്ക്

## കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ.ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) തൃശ്ശൂർ ജില്ല - കുന്നംകുളം നിയോജക മണ്ഡലം ചാവക്കാട് വടക്കാഞ്ചേരി റോഡിലെ കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം റോഡ് പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;<br><br>(ബി) ഈ പണി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൊതു മരാമത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;<br><br>(സി) സാധാരണയുള്ള വാഹനങ്ങൾക്ക പുറമേയായി ഗുരുവായൂർ അമ്പല ദർശനത്തിന്റെ ഭാഗമായും മറ്റും വടക്കൻ ജില്ലകളിൽനിന്നും, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമായി ദിനംപ്രതി ആയിര ക്കണക്കിന് ഭക്തരുടെ വാഹനങ്ങൾ കടന്നുപോകുന്ന ഈ റോഡിന്റെ ഗതാഗത പ്രാധാന്യം കണക്കി ലെടുത്ത് റോഡു പണി പൂർത്തീ കരിക്കുന്നതിന് യുദ്ധകാലാടിസ്ഥാന ത്തിൽ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (എ),<br>(ബി)<br>&<br>(സി) | ചാവക്കാട് വടക്കാഞ്ചേരി റോഡ് (എസ്.എച്ച്) 5/785 മുതൽ 9/400 വരെ (ചാട്ടുകുളം മുതൽ കുന്ദംകുളം വരെ)യുള്ള 3.615 കിലോമീറ്റർ നീളം പുനരു ദ്ധാരണ പ്രവർത്തി ചെയ്ത് ബി.എം. & ബി.സി. ചെയ്യുന്നതിന് 14.07.2009-ൽ 185 ലക്ഷം രൂപ അനുവദിക്കുകയും, പ്രവർത്തി 14.10.2009-ന് ടെണ്ടർ ചെയ്ത്, ശ്രീ. കെ.വി. ജോർജ്ജ് എന്ന കരാറുകാരന് 35% അധിക നിരക്കിൽ (2009 SOR) കരാർ നൽകുകയും, 24.04.2012-ന് സൈറ്റ് കൈമാറ്റം ചെയ്യുകയും ചെയ്തു. ഈ റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത്, കാന നിർമ്മാണവും, കലുങ്കുകളുടെ പുനഃർനിർമ്മാണവും, എക്സ്റ്റൻഷൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ചാട്ടുകുളം മുതൽ കുന്ദംകുളം വരെയുള്ള ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് മെയിൻ പൈപ്പ് കാലപ്പഴക്ക ത്തിനാൽ പമ്പ് ചെയ്യുമ്പോൾ ഇടയ്ക്കിടയ്ക്ക് പൊട്ടുകയും, തദ്വാരാ റോഡ് പൊട്ടിത്തകരുകയും ചെയ്യുന്ന അവസ്ഥ യായിരുന്നു. ആയതിനാൽ പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കാതെ റോഡ് പുനഃരുദ്ധാരണ പ്രവർത്തി മുന്നോട്ട് കൊണ്ട് പോകുവാൻ യാതൊരു നിർവ്വാഹവും ഉണ്ടായിരുന്നില്ല. പൈപ്പുകൾ പുനഃസ്ഥാപിക്കാൻ വേണ്ടി 2 കോടി രൂപ വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ച് കൊടുക്കുകയും, 21.05.2014-ൽ ചാട്ടുകുളം മുതൽ ഗേൾസ് ഹൈസ്കൂൾ വരെ പൈപ്പ് ലൈൻ പുനഃസ്ഥാപിക്കുകയും ചെയ്തു. |

സ്ഥലം എം.എൽ.എയുടേയും, ജില്ലാ കളക്ടറുടേയും ഉറപ്പിന്റെ അടിസ്ഥാനത്തിൽ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട തുക വാട്ടർ അതോറിറ്റി 19.11.2014-ന് അടയ്ക്കുകയും, തുടർന്ന് ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡിൽ നിന്നിരുന്ന കെ.എസ്.ഇ.ബി.യുടെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.യിലേയ്ക്ക് 9 ലക്ഷം രൂപ കരാറുകാരൻ അടച്ചിരുന്നുവെങ്കിലും പോസ്റ്റ് മാറ്റിക്കിട്ടിയത് 28.05.2014-ന് മാത്രമാണ്. മേൽ കാരണം കൊണ്ട് കരാറുകാരന് യഥാസമയം പണി പൂർത്തീകരിക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രവർത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി കരാറുകാൻ 31.01.2015-വരെ സമയം നീട്ടി ചോദിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31.01.2015-ന് മുൻപ് പണിപൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ